# *മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി*
## *സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട്*

**01-10-2018 മുതൽ 31-03-2019 വരെ**

**വാർഡ് (07)** ഇരട്ടയാർ

**ഇരട്ടയാർഗ്രാമപഞ്ചായത്ത്**

**കട്ടപ്പനബ്ലോക്ക്, ഇടുക്കി ജില്ല**

**തയ്യാറാക്കിയത്**

**മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം**

**സോഷ്യൽ ഓഡിറ്റ് സൊസൈറ്റി കേരളയുടെ ഇടുക്കി ജില്ലാ**

**ടീംഅംഗം**

**ആഷ പി ജി (ബി.ആർ.പി)**

**2-ാംനില, സി.ഡബ്ല്യ്യു.സി ബിൽഡിംഗ്സ്, എൽ.എം.എസ് കോമ്പൗ ്,**

**പാളയം, വികാസ് ഭവൻ(പി.ഒ), തിരുവനന്തപുരം-695033, ഫോൺ നമ്പർ :**

**04712724696. ഇ-മെയിൽ:** keralasocialaudit@gmail.com

## വാർഡ് 7 ഇരട്ടയാർ


ഇരട്ടയാർ ഗ്രാമപഞ്ചായത്ത് ഇടുക്കി ജില്ല
(പുതിയത്)
VII ഇരട്ടയാർ നിയോജകമണ്ഡലം
N
W
E
S
കൃഷിഭവൻ പാലം മുതൽ മാനാന്തടം പടി വരെ
ഇരട്ടയാർ തോട്
അയ്യമലപ്പടി മുതൽ ഓലിയ്ക്കൽപ്പടി വഴിടണൽസൈറ്റ് വരെ റോഡ്
കൃഷിഭവൻ പാലം വരെ തോട്
പാമ്പാടുംപാറ ഗ്രാമപഞ്ചായത്ത് അതിർത്തി
തോമാക്കവല വരെ റോഡ്
ST. Thomas H.S.S school
VII
ഇരട്ടയാർ
തോമാക്കവല മുതൽ ഹരിദാസ്പ്പടി വഴി അയ്യമലപ്പടി റോഡ്

# ആമുഖം

ഇന്ത്യയിൽ സാധാരണക്കാരായ ജനങ്ങളുടെ തൊഴിൽ ചെയ്യുവാനുള്ള അവകാശത്തെ സംരക്ഷിച്ചു നിലനിർത്തുന്നതിനായി ഇന്ത്യൻ പാർലമെന്റ് അംഗീകരിച്ച് പ്രസിഡന്റ് ഒപ്പുവച്ച് 2005 സെപ്തംബർ മാസം 5-ാം തീയ്യതി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം നിലവിൽ വന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ഗ്രാമപ്രദേശത്ത് താമസിക്കുന്ന എതൊരു കുടുംബത്തിനും ഒരു സാമ്പത്തിക വർഷം 100 ദിവസത്തെ അധിക തൊഴിൽ ദിനങ്ങൾ ഉറപ്പു വരുത്തുന്നതിനാണ്‘‘മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി’’ആവിഷ്കരിക്കപ്പെട്ടത്.

പ്രകൃതി വിഭവ പരിപാലനത്തിലൂടെ ഓരോ പ്രദേശത്തിന്റെയും വിഭവാടിത്തറ ശക്തമാക്കുക, വരൾച്ച, മണ്ണൊലിപ്പ്,വെള്ളപ്പൊക്കം, വനനശീകരണം തുടങ്ങിയ പാരിസ്ഥിതിക പ്രശ്നങ്ങളിൽ നിന്നും സംരക്ഷണം നൽകുന്നതിലൂടെ ഉത്പാദനം ഉത്പാദനക്ഷമത എന്നിവ വർദ്ധിപ്പിക്കുക., സ്ത്രീ ശാസ്തീകരണം, ദുർബല വിഭാഗങ്ങളുടെ ഉന്നമനം, ഉത്പാദനപരമായ ആസ്തികൾ സൃഷ്ടിക്കുന്നതിലൂടെ ദാരിദ്ര്യ ലഘുകരണം എന്നിവ ഈ പദ്ധതിയുടെ ലക്ഷ്യമാണ്. നിയമത്തിന്റെ പിൻബലമുള്ള അവകാശാധിഷ്ഠിത പദ്ധതിയാണെന്നതും, തുല്യ ജോലിക്ക് തുല്യ വേതനം, പദ്ധതി രൂപീകരണത്തിൽ പൊതുജനങ്ങൾക്കുള്ള പങ്ക് എന്നിവ തൊഴിലുറപ്പ് പദ്ധതിയുടെ മുഖ്യ സവിശേഷതയുമാണ്.

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്ത് നടപ്പിലാക്കുന്ന എല്ലാ പ്രവൃത്തികളും സോഷ്യൽ ഓഡിറിന് വിധേയമാക്കണമെന്ന് 17(2)-ാം വകുപ്പ് നിഷ്കർഷിക്കുന്നു. പദ്ധതി പ്രവർത്തനത്തെപ്പറ്റിയും പൊതുധനം ചിലവഴിക്കുന്നതിനെപ്പറ്റിയും പൗരസമൂഹം നടത്തുന്ന പരസ്യവും സ്വതന്ത്രവുമായ പരിശോധനയാണിത്. തൊഴിലുറപ്പ് നിയമ പ്രകാരം വർഷത്തിൽ ര ് പ്രാവശ്യം സോഷ്യൽ ഓഡിറ്റ് ഗ്രാമസഭകൾ എല്ലാ വാർഡിലും കൃത്യമായി നടത്തേ താണ്. സോഷ്യൽ ഓഡിറ്റിലൂടെ അഴിമതി ഇല്ലാതാക്കുന്നതിനും സുതാര്യത ഉറപ്പുവരുത്തുന്നതിനും കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും സദ്ഭരണം ഉറപ്പാക്കുന്നതിനും കഴിയുന്നു. പദ്ധതിപണം ശരിയായ രീതിയിൽ ചിലവഴിച്ചിട്ടു ാ എന്നും ഈ പണം ചിലവഴിച്ചതുകൊ ് പദ്ധതിയുടെ ലക്ഷ്യം കൈവരിച്ചിട്ടു ാ എന്നും അതിലൂടെ പദ്ധതിയുടെ ഗുണഭോക്താക്കളുടെ ജീവിതത്തിൽ ഗുണകരമായ മാറ്റം ഉ ായിട്ടു ാ എന്നും സോഷ്യൽ ഓഡിറ്റ് പ്രകിയ്ക്ക് ക ത്താൻ കഴിയുന്നു.

ഇടുക്കി ജില്ലയിലെ ഹൈറേഞ്ച് പ്രദേശമായ കട്ടപ്പനബ്ലോക്കിലെ **ഇരട്ടയാർ** പഞ്ചായത്ത് ഒരു മലനാടായി കണക്കാക്കാം. ഈ പഞ്ചായത്തില് ആകെ 14 വാർഡുകളാണ് ഉള്ളത്. ഭൂരിഭാഗം ആളുകളും കാർഷികവൃത്തിയെ ആശ്രയിച്ച് ജീവിക്കുന്നവരാണ്. മഴയെ ആശ്രയിച്ചുള്ള ഒരു കാർഷിക വ്യവസ്ഥയാണ് ഇവിടെ നിലനിൽക്കുന്നത്. ഏലം ,കുരുമുളക് ,കാപ്പി ,തെങ്ങ് കവുങ്ങ് റബർ ,ജാതി ,ഗ്രാമ്പു ,തേയില വാഴ മരച്ചിനി ,ചേമ്പ് ,ചേന എന്നിവയാണ് പ്രധാന വിളകൾ എതാ ് പുർണ്ണമായും കാർഷിക വൃത്തിയാണ് ഇരട്ടയാർ പഞ്ചായത്തിലെ ഉപജിവനമാർഗം. അസ്ഥിരമാസ വിപണി തൊഴിലാളി,ക്ഷാമം ഉത്പാദനോപാധികളുടെ വർദ്ധിച്ച ചിലവ് കാലാവസ്ഥ വ്യതിയാനങ്ങൾ ഫലഭുയിഷ്ടമല്ലാത്ത മണ്ണ് ആധുനിക കൃഷിരിതിയേകുറിച്ച് അറിവില്ലായ്മ എന്നിവയാണ് കാർഷിക മേഖല അഭിമുഖികരിക്കുന്ന പ്രശ്നങ്ങൾഎന്നിവയെ കൂടാതെ ഇടവിളയായിഇഞ്ചി ,കോക്കോ കൃഷിചെയ്തു പോരുന്നു. ഇവിടെയുള്ള പ്രദേശങ്ങളിൽ ഭൂരിഭാഗവും പട്ടയം ഇല്ലാത്തവയാണ്. ഈ പഞ്ചായത്തിലെ 7 ഇരട്ടയാർ വാർഡിൽ ഇതുവരെ 153 തൊഴിൽ കാർഡുകൾ വിതരണം ചെയ്തിട്ടു ്. ഇതിൽ 102 കുടുംബങ്ങൾ സ്ഥിരമായി ജോലിക്കുവരുന്നവരാണ്. ഗ്രാമപഞ്ചായത്ത് ,സെൻറ് തോമസ് ഹയർ സെക്കന്ററി സ്കുൾ ,ഗവ.ആയുർവേദ ആശുപത്രി , സാംസ്കാരിക നിലയം, 1 അങ്കണവാടിവില്ലേജ് ഓഫിസ് ,കൃഷി ഓഫിസ്, പോസ്റ്റ് ഓഫിസ്, സെൻറ് തോമസ് പള്ളി ഇവയാണ് ഈ വാർഡിലുള്ളത്.

## രീതിശാസ്ത്രം

കേരള സോഷ്യൽ ഓഡിറ്റ് യൂണിറ്റിലെ അംഗങ്ങൾ സോഷ്യൽ ഓഡിറ്റ്നടത്തുന്നതിന്റെ ഭാഗമായി 14-03-2019 ഇടുക്കി ജില്ലാ പ്രോഗ്രാം കോ-ഓർഡിനേറ്റർ ശ്രീ.ബിജോയി കെ.വർഗീസ് അവർകളെ സന്ദർശിച്ചു.സോഷ്യൽ ഓഡിറ്റിന്റെ ഒന്നാം ഘട്ടമായ ഫയൽ പരിശോധനയ്ക്കുവേ ി 2018 ഒകടോബർ ഒന്നു മുതൽ മാർച്ച് 31.3.2019 വരെയുള്ള പുർത്തികരിച്ച വർക്ക് ഫയൽ സെക്രട്ടറിയുടെ പക്കൽ നിന്നും കൈപ്പറ്റുകയും ഫയൽ പരിശോധന പൂർത്തീകരിക്കുകയും ചെയ്തു അതിനു ശേഷം 01.07.2019 ൽ ഡി ആർ പി സിമി ജോസ് ബി ആർ പി ആഷ പി ജി കട്ടപ്പന ബ്ളോക്ക് ഓഫിസ് സന്ദർശിക്കുകയും ജോയിന്റ് ബി ഡി യോയും മായി പരിശോധിച്ച ഫയലിന്റെ ഫീൽഡ് വെരിഫിക്കേഷൻ, സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ എന്നി പ്രവർത്തനങ്ങൾ നടത്തുന്നതായി അറിയിച്ചു കുടാതെ 2.7.2019 ഇരട്ടയാർ ഗ്രാമപഞ്ചായത്തിൽ എത്തുകയും സെക്രട്ടറി, പ്രസിഡന്റ്, വൈസ്പ്രസിഡന്റ് ,എം.ജി.എൻ.ആർ. ഇ.ജി.എസ് സ്റ്റാഫ്എന്നിവരുമായി പ്രാംരംഭ മീറ്റിംഗ് നടത്തി. തുടർന്ന് ഫയൽ പരിശോധന പുർത്തിയാക്കിയ 7 വാർഡിലെ 11 ഫയലുകളുടെ ഫിൽഡ് തല പരിശോധനയും ,അളവുകൾ ഫയലുമായി ക്രോസ് വേരിഫിക്കേഷൻ നടത്തുകയും ചെയ്തു.

അതോടോപ്പം തന്നെ ഭവന സന്ദർശനവും നടത്തി.തുടർന്നുള്ള ദിവസങ്ങളിൽ റിപ്പോർട്ട് എഴുതി തയാറാക്കി.

അവകാശാധിഷ്ഠിത നീയമാമായ തൊഴിലുറപ്പ് നിയമം തൊഴിലാളികൾക്ക് 10 അവകാശങ്ങൾ പ്രദാനം ചെയ്യുന്നു. അവ ഏതൊക്കെയെന്ന് ചുവടെ ചേർക്കുന്നു.

1.തൊഴിൽകാർഡ് ലഭിയ്ക്കുവാനുള്ള അവകാശം (ഷെഡ്യൂൾ 2)

2.അപേക്ഷിച്ച് 15 ദിവസത്തിനുള്ളിൽ തൊഴിൽ ലഭിയ്ക്കുവാനുള്ള അവകാശവും ആയതിന്റെ കൈപ്പറ്റ് രസീത് ലഭിക്കുന്നതിനുമുള്ള അവകാശം (ഷെഡ്യൂൾ 1, 2)

3.അല്ലെങ്കിൽ തൊഴിലില്ലായ്മ വേതനം ലഭിയ്ക്കുവാനുള്ള അവകാശം, (ആദ്യത്തെ 30 ദിവസം **1/4** പിന്നിടുള്ള ദിവസങ്ങളിൽ **1/2)** (സെക്ഷൻ 7,8,9)

4.ഷെൽഫ് ഓഫ് പ്രോജക്ട് തയ്യാറാക്കുവാനുള്ള അവകാശം

5.5 കിലോമീറ്ററിനുള്ളിൽ തൊഴിൽ ലഭിയ്ക്കുവാനുള്ള അവകാശം, അല്ലെങ്കിൽ (വേതനത്തിന്റെ 10 ശതമാനം അധികം) (ഷെഡ്യൂൾ 2 പാര 20)

6.കുടിവെള്ളം, വിശ്രമസൗകര്യം, പ്രഥമ ശുശ്രൂഷാ സൗകര്യം ഇവ ലഭിയ്ക്കുന്നതിനുള്ള അവകാശം (ഷെഡ്യൂൾ 2 പാര 23–28)

7.15 ദിവസത്തിനുള്ളിൽ വേതനം ലഭിക്കുന്നതിനുള്ള അവകാശം (സെക്ഷൻ 3(2), (6))

8. വേതനവിതരണത്തിലെ കാലതാമസത്തിന് നഷ്ടപരിഹാരം ലഭിയ്ക്കുവാനുള്ള അവകാശം, (സെക്ഷൻ 3(3))

9.സമയബന്ധിതമായുള്ള പരാതിപരിഹാരത്തിനുള്ള അവകാശം, (സെക്ഷൻ 19)

10.സോഷ്യൽ ഓഡിറ്റ് നടത്തുന്നതിനുള്ള അവകാശം. (സെക്ഷൻ 17(2))

**<u>പരിശോധിച്ച ഫയലുകളുടെ വിശദാംശങ്ങൾ</u>**

| Sl.No | Work Code | Name of Work | Estimate Amount | Man days taken | Un skilled wages | Skilled wages/Material | Total Expense |
|---|---|---|---|---|---|---|---|
| 1. | IF/356106 | VII Construction of House | 27390 | 90 | 24390 | ----- | 24390 |
| 2. | WC/330080 | Construction of earthern bund | 149832 | 467 | 126557 | ------ | 128892 |

| | | | | | | | |
|---|---|---|---|---|---|---|---|
| 3. | WC/330077 | Construction of earthern bund | 149832 | 516 | 139836 | ------- | 142416 |
| 4. | LD/328990 | Land Development | 449016 | 305 | 82655 | ------ | 84180 |
| 5. | LD/241704 | Land Development | 147000 | 408 | 110568 | ------- | 112608 |
| 6. | RC/262563 | Road Concreating | 200000 | 58 | 15718 | 12360 | 198790.86 |
| 7. | RC/262573 | Road Concreating | 200000 | 58 | 15718 | 12360 | 198790.86 |
| 8. | IF/356095 | VII Construction of House | 165288 | 90 | 24390 | | 24390 |
| 9. | IF/358729 | VII Construction of House | 27390 | 90 | 24390 | ---- | 24390 |
| 10. | IF/358724 | VIIConstruction of House | 27390 | 90 | 24390 | ----- | 24390 |
| 11 | IF/360115 | VIIConstruction of House | 27390 | 90 | 24390 | ---- | 24390 |

കേന്ദ്രസർക്കാരിന്റെ നിർദ്ദേശപ്രകാരം താഴെപ്പറയുന്ന 7 രജിസ്റ്ററുകൾ നിർബന്ധമായും ഗ്രാമപഞ്ചായത്തിൽ സൂക്ഷിക്കേ വയാണ്.

1. തൊഴിൽ കാർഡിനുള്ള കുടുംബാപേക്ഷയുടെ രജിസ്റ്റർ

തൊഴിൽകാർഡ്(അപേക്ഷ,രജിസ്ട്രഷൻ,വിതരണം)

കുടുംബാപേക്ഷയുടേയും രജിസ്ട്രേഷൻ എന്നിവ കൃത്യമായി രേഖപ്പെടുത്തിയിട്ടു ്.

2. ഗ്രാമസഭ സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ മീറ്റിംഗ് രജിസ്റ്റർ

ഗ്രാമസഭാ രജിസ്റ്റർ ഓരോ വാർഡിനും ഓരോന്നായിസൂക്ഷിക്കുന്നു.

20/06/2019 ൽ സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ നടത്തിയതായി കാണുന്നു ്

3. തൊഴിൽ ആവശ്യപ്പെട്ടതും തൊഴിൽ കൊടുത്തതും സംബന്ധിച്ച രജിസ്റ്റർ

തൊഴിൽ ആവശ്യപ്പെട്ടതും തൊഴിൽ കൊടുത്തതും സംബന്ധിച്ച രജിസ്റ്റർ കാണുവാൻ സാധിച്ചു.

4. പ്രവർത്തിയുടെ ലിസ്റ്റും ചിലവും വിശദാംശങ്ങളും സംബന്ധിച്ച രജിസ്റ്റർ

പ്രവർത്തിയുടെ ലിസ്റ്റും ചിലവും വിശദാംശങ്ങളും സംബന്ധിച്ച രജിസ്റ്റർ എം ഐ. എസ് ൽ നിന്നും പ്രിന്റ് എടുത്ത് സൂക്ഷിച്ചിട്ടു ായിരുന്നു.

5. സ്ഥിര ആസ്തികളുടെ രജിസ്റ്റർ

സ്ഥിര ആസ്തികളുടെ രജിസ്റ്ററിൽ ആസ്തി സംബന്ധിച്ച വിവരങ്ങൾപൂർണ്ണമായും രേഖപ്പെടുത്തിയിട്ടു ായിരുന്നു.

6. പരാതി രജിസ്റ്റർ

പരാതി രജിസ്റ്റർ 22/06/2018 പരാതികൾ രേഖപ്പെടുത്തുകയും പരിഹാരംകാണുകയും ചെയ്തിട്ടു ്പരാതി സംബന്ധിച്ച വിവരങ്ങൾ രജിസ്റ്ററിൽരേഖപ്പെടുത്തിയിട്ടു ായിരുന്നു.

7. സാധന രജിസ്റ്റർ

സാധന രജിസ്റ്റർ 2018–19 സാമ്പത്തിക വർഷത്തെ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടു ായിരുന്നു.

## ഫയൽ പരിശോധനയിൽ നിന്നും ക ത്തിയ വിവരങ്ങൾ

**എതോരു വർക്ക് ഫയലിലും വാർഷിക മാസ്റ്റ് സർക്കുലർ പ്രകാരമുള്ള 21 രേഖകളും കേരള സർക്കാർ നിർദ്ദേശിക്കുന്ന സൈറ്റ് ഡയറിയും ഉൾപ്പെടെ 22 രേഖകളാണ് നിർബന്ധമായും ഉ ായിരിക്കേ ത്.**

### 1.കവർ പേജ്

ആകെ 11 **വർക്ക്ഫയലുകളാണ്ഉ ായിരുന്നത്.**

ആ വർക്ക് ഫയലുകളിൽകവർ പേജ് ഉ ായിരുന്നെങ്കിലും AMC പ്രകാരമല്ലാത്ത കവർ പേജ് ആണ് ഉ ായിരുന്നത് അതിനാൽ തന്നെ ഷെൽഫ് ഓഫ് പ്രോജക്റ്റിന്റെ സിരിയൽ നമ്പർ,ജിയോ ടാഗ്ഡ് ,അസറ്റ് ഐഡി, ആക്ചൽ എക്സ്പെന്റിച്ചർ വർക്ക് ആരംഭിച്ച തിയതി, അവസാനിച്ച തിയതി ,സാങ്കേതിക വിദഗ്ധന്റെ പേര് , ഒപ്പ് എന്നിവ ഉ ായിരുന്നില്ല.

### 2.ചെക്ക് ലിസ്റ്റ്

പരിശോധിച്ച 11 വർക്ക് ഫയലുകളിലും ചെക്ക് ലിസ്റ്റ് ഉ ായിരുന്നില്ല.**ചെക്ക് ലിസ്റ്റ്**പേജ് നമ്പർ രേഖപ്പെടുത്തി ഫയലിൽ സുക്ഷിക്കേ താണ്.

### 3. ആക്ഷൻപ്ളാനിന്റെ കോപ്പി

പരിശോധിച്ച 11 വർക്ക് ഫയലുകളിലും ആക്ഷൻപ്ളാനിന്റെ കോപ്പിഉ ായിരുന്നില്ല ആയതിനാൽ തന്നെ ഈ സാമ്പത്തിക വർഷത്തിലെ ചെയ്യാനുള്ള പ്രവർത്തികളുടെ ലിസ്റ്റ് മുൻഗണന ക്രമത്തിൽ ആണോ എന്നും ഈ ലിസ്റ്റ് തയാറാക്കാൻ ജനങ്ങളുടെ പങ്കാളിത്തം ഉറപ്പാക്കിയോ എന്നും മുൻഗണന രിതിയിലുള്ള തന്നെയാണോ നടത്തി

യെന്നും മനസിലാക്കാൻ സാധിച്ചില്ല അതുകൊ ് ആക്ഷൻപ്ളാനിന്റെ കോപ്പിനിർബ ന്ധമായും വയ്ക്കേ താണ്.

## 4.എസ്റ്റിമേറ്റ്

എസ്റ്റിമേറ്റിന്റെ കവർ പേജ് നല്ല രിതിയിൽ സുക്ഷിച്ചിട്ടു ്. ഡീറ്റയിൽഡ് എസ്റ്റിമേറ്റ് ,റേറ്റ് ഓഫ് അനാലിസിസ്, മലയാളത്തിലുള്ള എസ്റ്റിമേറ്റ് റിപ്പോർട്ട് ,എന്നിവ 11 ഫയലിലും കാണുവാൻ സാധിച്ചു ഇതിൽ ഓവർസിയർ, എൽ എസ് ജി ഡി എ ഇ എന്നിവർ സീലും ഒപ്പും എല്ലാ എസ്റ്റിമേറ്റിലും കാണിച്ചിട്ടു ്. എന്നാൽ തിയതി രേഖപ്പെടുത്തിയിട്ടില്ല 11 വർക്ക് ഫയലിലും ഡ്രോയിംഗ് &ഡീസൈൻ ഇല്ലായിരുന്നു. ഇത് നിർബന്ധമായും എസ്റ്റിമേറ്റിനോടോപ്പം ഉൾപ്പെടുത്തേ താണ് .

## 5. **ഭരണാനുമതിതിരുമാനത്തിന്റെ** കോപ്പി

പരിശോധിച്ച 11 വർക്ക് ഫയലുകളിലും **ഭരണാനുമതിതിരുമാനത്തിന്റെ**കോപ്പി ഉ ായിരുന്നില്ല ഉൾപ്പെടുത്താൻ ശ്രമിക്കേ താണ്.

## 6.സാങ്കേതികാനുമതി തീരുമാനത്തിന്റെ കോപ്പി

സാങ്കേതികാനുമതി തീരുമാനത്തിന്റെ കോപ്പി എല്ലാ ഫയലുകളിലും ഉ ായിരുന്നുവെങ്കിലും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ തീയതിയില്ലാതെ ഒപ്പും,സീലും രേഖപ്പെടുത്തിയിട്ടു ായിരുന്നു.

## 7. സംയോജിത പദ്ധതി

വാർഡിൽ നടത്തിയ 5 പ്രവർത്തികൾ കൺവേർജൻസ് പദ്ധതിയിൽപ്പെട്ട ലൈഫ് ഭവന പദ്ധതിയാണ് അതിന്റെ വിശദാംശങ്ങൾ രേഖകളിൽ ഉൾപ്പെടുത്തിയിട്ടു ായിരുന്നു.

## 8. തൊഴിൽ ആവശ്യപ്പെട്ടുകൊ ുള്ളഅപേക്ഷ

ലൈഫ് ഭവനപദ്ധതികളുടെ തൊഴിൽ ആവശ്യപ്പെടുന്നതിനുള്ള അപേക്ഷ ഫ്ര ് ഓഫിസ് വഴി വ്യക്തിഗതമായി നൽകിയിരിക്കുന്നു ബാക്കിയുള്ള 6 വർക്ക് ഫയലുകളിലും ഗ്രുപ്പായി നിർദ്ദിഷ്ട ഫോമിൽ ഫ്ര ് ഓഫിസ് വഴി നൽകിയിരിക്കുന്നതായി കാണുവാൻ സാധിച്ചു.

## 9. തൊഴിൽഅനുവദിച്ച് കൊ ുള്ള അനുമതിപത്രം

തൊഴിൽ**അനുവദിച്ച് കൊ ുള്ള അനുമതിപത്രം** 11 വർക്ക് ഫയലുകളിലും**കാണുവാൻ സാധിച്ചില്ല അത് നിർബദ്ധമായും എം ഐ എസിൽ നിന്നും എടുത്തു സൂക്ഷിക്കേ താണ്.**

## 10. മസ്റ്റർ റോൾ

**മസ്റ്റർ റോൾ വളരെ കൃത്യമായി സുക്ഷിച്ചിട്ടു ങ്കിലും തിരുത്തിയ നിലയിൽ ചില മസ്റോളുകൾ കാണുവാൻ സാധിച്ചു. MSR No 10317,MSR No 10309 ,MSR No 20531 എം ബുക്ക് നമ്പർ** 11 വർക്ക് ഫയലുകളിലെ **മസ്റോളുകളിലും കാണുവാൻ സാധിച്ചില്ല .**

## 11. മെഷർമെന്റ് ബുക്ക്

**മെഷർമെന്റ് ബുക്ക് വളരെ കൃത്യമായി 11 വർക്ക് ഫയലുകളിലും സർട്ടിഫൈ ചെയ്ത് സുക്ഷിച്ചിട്ടു ് എങ്കിലും എം ബുക്കിൽ വെട്ടി തിരുത്തലുകൾ കാണുവാൻ സാധിച്ചു പഞ്ചായത്ത് സെക്രട്ടറി വേജ് ലിസ്റ്റ് അനുസരിച്ച് പേയ്മെന്റ് നൽകിയിരിക്കുന്നതായി കാണുന്നു. എന്നാൽ തിയതി രേഖപ്പെടുത്തിയിട്ടില്ല.11 വർക്ക് ഫയലുകളിലും ചെക്ക് മെഷർമെന്റ് നടത്തിയിട്ടു ്.**

## 12.സാധനഘടകം

**പരിശോധിച്ച 11 വർക്ക് ഫയ**ലു**ക**ളി**ൽ 6 പ്രവർത്തിയുടെ സൈറ്റിൽ സിറ്റിസൺ ഇൻഫർമേഷൻ കോഡ് കാണുവാൻ സാധിച്ചു. വ്യക്തമായി എല്ലാ CIBയിലും പ്രവർത്തിയെകുറിച്ചുള്ള വിവരങ്ങൾ രേഖപ്പെടുത്തിയിരുന്നു.**

## 13. വേജ് ലിസ്റ്റ്

കൃത്യസമയത്ത് ഹാജർ എം ഐ എസിൽ രേഖപ്പെടുത്തി വേജ്ലിസ്റ്റ് ആക്കുകയും വേതനം തൊഴിലാളികളുടെ ബാങ്ക് അക്കൗ ിൽ എത്തിക്കുന്നതിനും വേ കാര്യങ്ങൾ കൃത്യതയോടെ ചെയ്യുന്നതായി മനസിലായി.വേജ്ലിസ്റ്റ് പകർപ്പ് ഫയലുകളിൽ സൂക്ഷിച്ചിട്ടു ്.

## 14. FTO

പരിശോധിച്ച് 11 ഫയലുകളിലും വേജ് ലിസ്റ്റ് അനുസരിച്ചുള്ള എഫ്റ്റി ഓ യുടെ കോപ്പി കാണുവാൻ സാധിച്ചില്ല. അത് എം ഐ എസിൽ നിന്നും പ്രിന്റ് എടുത്ത് സുക്ഷിക്കേ താണ്.

## 15.മെറ്റിരിയൽ വൗച്ചർ

**പരിശോധനയ്ക്ക് വിധേയമായ വാർഡ് 7 സി കെ പടി – ഗൗരിപാറ റോഡ് കോൺക്രീറ്റിങ്ങ് വർക്ക് കോഡ് -RC/262573**,**സി കെ പടി – ഇറക്കേറിയ ഭാഗത്ത് റോഡ്**

**കോൺക്രീറ്റിങ്ങ് വർക്ക് കോഡ് –RC/262563 എന്നി പ്രവർത്തികളിൽ മെറ്റിരിയൽ വൗച്ചർ,ബില്ല് എന്നിവ**കാണുവാൻ **സാധിച്ചു**.

## 16.റോയൽറ്റി

**പ്രസ്തുത പ്രവർത്തികളിൽ ബാധകമല്ല**

## 17.ഫോട്ടോഗ്രാഫ്സ്

ഓരോ വർക്ക് ഫയലുകളിലും പ്രവർത്തി ആരംഭിക്കുമ്പോഴും നടന്നുകൊ ി രിക്കുമ്പോഴും പ്രവർത്തിയുടെ പുർത്തികരണ വേളയിലും ഉള്ള 3 ഫോട്ടോകൾ നിർ ബന്ധമായും ഉ ായിരിക്കേ താണ്. എന്നാൽ പരിശോധിച്ച 11 **വർക്ക് ഫയലുകളിലും** കാണുവാനായില്ല.

## 18 ജിയോ ടാഗ്ഡ് ഫോട്ടോസ്

**ജിയോ ടാഗ്ഡ് ഫോട്ടോസ്**ഒരുഫയലിലുംകാണുവാനായില്ല.ഉൾപ്പെടുത്താൻ ശ്രദ്ധിക്കണം.

## 19. പുർത്തികരണ സർട്ടിഫിക്കറ്റിന്റെ കോപ്പി

പരിശോധിച്ച 11 **വർക്ക് ഫയലുകളിലും** കാണുവാനായില്ല.ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഒപ്പും സീലും തിയതിയും ഉൾപ്പെടുത്തിയുള്ള പുർത്തികരണ സർട്ടിഫിക്കറ്റിന്റെ കോപ്പി എല്ലാ ഫയലുകളിലും ഉ ായിരിക്കണമെന്ന് നിയമം നിർകർഷിക്കുന്നു.

## 20. മസ്റ്ററോൾ മുവ്മെന്റ് സ്ലിപ്പ്

പരിശോധിച്ച 11 **വർക്ക് ഫയലുകളിലും മസ്റ്ററോൾ മുവ്മെന്റ് സ്ലിപ്പ്** കാണുവാനായി. ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഒപ്പും തിയതിയുംഉൾപ്പെടുത്തിയുള്ള**മസ്റ്ററോൾ മുവ്മെന്റ് സ്ലിപ്പ്സൂക്ഷിക്കേ താണ്**.ബന്ധപ്പെട്ട ഉദ്യോഗസ്ഥർ തീയതിയില്ലാതെ ഒപ്പ് രേഖപ്പെടുത്തിയതായി കാണുന്നു.**മസ്റ്ററോൾ മുവ്മെന്റ് സ്ലിപ്പ് അപൂർണ്ണമായിരുന്നു.**

## 21.സോഷ്യൽ ഓഡിറ്റ് റിപ്പോർട്ടിന്റെ കോപ്പി

നിയമപരമായ സൊഷ്യൽ ഓഡിറ്റ് ഇപ്പഴാണ് നിലവിൽ വന്നത്

## 22. സൈറ്റ് ഡയറി

സംസ്ഥാന സർക്കാരിന്റെ നിർദ്ദേശപ്രകാരം വർക്ക് ഫയലിൽ സൂക്ഷിക്കേ 22 മത്തെ രേഖയാണ് സൈറ്റ് ഡയറി എല്ലാ പ്രവർത്തി ഫയലുകളിലുംഉ ായിരിക്കേ താണ്. സൈറ്റ് ഡയറി കവർ പേജിൽ പ്രവർത്തിയേകുറിച്ചുള്ള പ്രാഥമിക വിവരങ്ങൾ എതൊരു വ്യക്തിക്കും മനസിലാക്കാൻപ ുന്ന രിതിയിൽ ഉ ാകേ താണ് .6 ഫയലുകളിൽ സൈറ്റ് ഡയറി ഉ ായിരുന്നില്ല ( 5 എണ്ണം ലൈഫ് ഭവന പദ്ധതിയാണ്)

പ്രോജക്റ്റ് ഇനിഷ്യൽ മീറ്റിങ്ങ്

ഒരു പ്രവർത്തി തുടങ്ങുന്നതിനുമുമ്പ് വിവരങ്ങൾ പങ്കു വയ്ക്കുന്നതും അതു പോലെ ഒരു പ്രവർത്തി എന്തു ചെയ്യണമെന്നും എങ്ങനെ ചെയ്യണമെന്നും തൊഴിലാളികൾക്ക് കൃത്യമായ അവബോധമു ാക്കിയെടുക്കുന്നതിനും വാർഡ് മെമ്പർ,സ്റ്റാഫ് എന്നിവരുടെ അദ്ധ്യക്ഷതയിൽ കുടുന്ന യോഗമാണ് പദ്ധതിആരംഭ മിറ്റിംഗ് പരിശോധിച്ച ഫയലുകളിലെല്ലാം മേൽ പറഞ്ഞ അധികാരികളുടെ സാനിദ്ധ്യത്തിൽ കൂടിയതായി ബോദ്ധ്യപ്പെട്ടു

സന്ദർശകകുറിപ്പ്

പ്രവർത്തിയുയെ ഓരോ ഘട്ടങ്ങളിലുള്ള പുരോഗതി വിലയിരുത്തുന്നതിനും തൊഴിലാളികളുടെ പ്രശ്നങ്ങൾ മനസിലാക്കുന്നതിനും പദ്ധതി നിർവഹണ എജൻസിയുടെ ഉദ്യോഗസ്ഥർ ,ജന പ്രതിനിധികൾ,VMCഅംഗങ്ങൾ എന്നിവർ പ്രവർത്തി നടക്കുമ്പോൾ സ്ഥലസന്ദർശനം നടത്തേ താണ് സൈ ് ഡയറിയിൽ സന്ദർശകരുടെ പേരും ഒപ്പ് രേഖപ്പെടുത്തിയിട്ടു ങ്കിലും ചിലതിൽ മാത്രമേ കുറിപ്പ് ഉ ായിരുന്നുള്ളു

**ഫയൽ പരിശോധനയുടെ അടിസ്ഥാനത്തിൽ ഫിൽഡ് പരിശോധന നടത്തിയതിന്റെ ക ത്തലുകൾ**

തൊഴിൽ കാർഡ്

സോഷ്യൽ ഓഡിറ്റ് അംഗം സന്ദർശിച്ച 150 തൊഴിലാളികളിൽ നിന്നും അറിയാൻ സാധിച്ചത് , എല്ലാവരും തൊഴിൽ കാർഡിലേക്ക് ആവശ്യമായ ഫോട്ടോ സ്വന്തമായി പൈസ ചിലവഴിച്ച് എടുക്കാറുള്ളതായാണ്. പഞ്ചായത്തിൽ നിന്നു തന്നെ സൗജന്യമായി ഫോട്ടോ എടുത്ത് നൽകണം എന്നതിനെക്കുറിച്ച് തൊഴിലാളികൾക്ക് വ്യക്തമായ ധാരണ ഇല്ലായിരുന്നു.തൊഴിലാളികളുടെ തൊഴിൽ കാർഡിലേക്കാവശ്യ

മായ ഫോട്ടോ പഞ്ചായത്തിൽ നിന്ന് തന്നെ എടുത്ത് കൊടുക്കുന്നതിന് വേ നടപടികൾ സ്വീകരിക്കുന്നത് നല്ലതായിരിക്കും.ഡോർ റ്റു ഡോർ വെരിഫിക്കേഷനിലുടെ തോഴിലാളികളുടെ പാസ്സ് ബുക്കും, കാർഡും പരിശോധിച്ചതിൽ നിന്നും തൊഴിൽ കാർഡ് പുതിയതും പാസ്സ് ബുക്ക് അപ്ഡേറ്റല്ലാത്തതിനാലും യഥാസമയത്ത് കൂലി അക്കൗ ിൽ എത്തിയോ എന്ന് അറിയാൻ സാധിച്ചില്ല.

### പദ്ധതി ആസൂത്രണത്തിലുള്ള പങ്കാളിത്തം

നിയമം അനുശാസിക്കുന്ന പ്രകാരം തൊഴിലാളികൾക്ക് തൊഴിൽ കെ ത്തുന്നതിനും തൊഴിൽ ആസൂത്രണം ചെയ്യുന്നതിനുള്ള അവകാശം ഉ ്. എന്നാൽ ഈ ഒരു അവകാശത്തെ കുറിച്ച് തൊഴിലാളികൾക്ക് വ്യക്തമായ ധാരണയില്ലാത്തതിനാൽ പഞ്ചായത്തിൽ നിന്നും അതിനുവേ പരിശീലനങ്ങളക്ക് ക്ലാസ്സുകൾ മുഖാന്തരമുള്ള അവബോധമോ ലഭ്യമാക്കി കൊടുക്കേ ത് അനിവാര്യമായ ഘടകമാണ്.

### തൊഴിലിനുള്ള അപേക്ഷ

തൊഴിൽ ആവശ്യപ്പെട്ടുകൊ ുള്ള ഡിമാന്റ് നൽകി 15 ദിവസത്തിനകം തൊഴിൽ ലഭിക്കാൻ അവകാശം തൊഴിലാളികൾക്കു ് 15 ദിവസത്തിനുള്ളിൽ തൊഴിൽ ലഭിച്ചിട്ടില്ലയെങ്കിൽ തൊഴിലില്ലായ്മ വേതനം ലഭിക്കാനുള്ള അവകാശം തൊഴിലാളികൾക്കു ്. ഒരു സാമ്പത്തിക വർഷത്തിൽ ഒരു പ്രവൃത്തിക്കുവേ ി ഡിമാന്റ് ചെയ്ത് ആദ്യ 30 ദിവസത്തിനുള്ളിൽ തൊഴിൽ ലഭിച്ചില്ലയെങ്കിൽ വേതനത്തിന്റെ പകുതിയും തൊഴിലില്ലായ്മ വേതനമായി ലഭിക്കും. തൊഴിലിനായി തൊഴിലാളികൾ വ്യക്തിപരമായി അപേക്ഷ നൽകാറില്ലെന്ന് തൊഴിലാളികളിൽ നിന്നും മനസിലായി.പ്രവൃത്തി അനുവദിക്കപ്പെടുന്ന പക്ഷം മേറ്റ് യോഗം വിളിച്ച് ചേർക്കുകയും തൊഴിലാളികൾ അവരുടെ തൊഴിലിനായുള്ള ആവശ്യം നേരിട്ടറിയിക്കുകയും ഗ്രുപ്പ് ആയുള്ള അപക്ഷേ ഒപ്പിട്ട് മേറ്റ് പഞ്ചായത്തിലെ ഫ്ര ് ഓഫിസ് വഴി എൻ ആർ ജിഎ സെല്ലിൽ എല്പിക്കുകയാണ് ചെയ്യുന്നത് .

### കൂലി/നഷ്ട പരിഹാരം

തൊഴിലുറപ്പ് നിയമ പ്രകാരം പ്രവൃത്തി കഴിഞ്ഞ് 15 ദിവസത്തിനുള്ളിൽ വേതനം ലഭിക്കേ അവകാശം തൊഴിലാളികൽക്ക് ഉ ായിട്ടും ഓഡിറ്റിന് വിധേയമാക്കിയ പ്രവൃത്തികളുടെ വേതനം ഇതുവരെയും പൂർണ്ണമായും ലഭ്യമായിട്ടില്ല . വേതനം 15 ദിവസം പിന്നിട്ട ഈ സാഹചര്യത്തിൽ തൊഴിലാളികൾക്ക് നഷ്ട്ട പരിഹാരം ലഭിക്കുവാനുള്ള അവകാശം ഉ ്.

മേറ്റ് ഉൾപ്പെടെയുള്ള മുഴുവൻ തോഴിലാളികളുടെയും തോഴിൽ കാർഡ് പുതിയതായി നൽകിയതും ,പാസ്സ് ബുക്ക് അപ്ഡേറ്റഡ് അല്ലാത്തതിനാലും കൃത്യമായ സമയത്ത് കുലി ലഭ്യമായിട്ടുേ ാ എന്ന പരിശോധന അസാദ്യമായിരുന്നു ഭുരിഭാഗം ആൾക്കാരും കൂലി സമയത്തിനു ലഭിക്കാത്തതിനാലും ആദായകരമായ ജോലി ഉള്ളതിനാലും തോഴിലുറപ്പുജോലി ചെയ്യുവാൻവിമുഖത കാണിക്കുന്നു.

**യാത്ര ബത്ത**

5 കിലോമീറ്റർ ചുറ്റളവിന് പുറത്ത് തൊഴിലാളികൾ തൊഴിൽ ചെയ്യുകയാണെങ്കിൽ 10% അധിക വേതനം നൽക്കേ താണ്. സോഷ്യൽ ഓഡിറ്റ് ടീം അംഗംനടത്തിയ പരിശോധനയിൽ ആർക്കും യാത്രബത്ത അനുവദിച്ചതായി കാണുവാൻ സാധിച്ചില്ല.

## ***തൊഴിൽ സ്ഥലത്തെ സൗകര്യങ്ങൾ***

കുടിയ്ക്കുവാനുള്ള വെള്ളം, വിശ്രമ സൗകര്യം, പ്രഥമശുശ്രൂഷാ സൗകര്യം എന്നിവ തൊഴിൽ സ്ഥലത്ത് ലഭ്യമാക്കണമെന്ന് തൊഴിലുറപ്പ് നിയമം അനുശാസിക്കുന്നു ്.ഇപ്പോൾ നടന്നുകോ ിരിക്കുന്ന വർക്ക് സൈറ്റ് സന്ദർശിച്ചപ്പോൾ തോഴിലാളികളോ ഭൂവുടമയോ ലഭ്യമാക്കുന്നതായാണ് കാണുവാൻ കഴിഞ്ഞത്.പ്രഥമ ശുശ്രൂഷ കിറ്റുകൾ പണി സ്ഥലങ്ങളിൽ ലഭ്യമായിട്ടില്ല. തണലിനുള്ള ടാർപോളിൻ ലഭ്യമായിട്ടില്ല. പണിയായുധങ്ങൾ തൊഴിലാളികൾ കൊ ുവരുന്നതാണ് അതിന്റെ വാടക ലഭിക്കുന്നു ്.

**പരാതി പരിഹാര സംവിധാനം**

സമയബന്ധിതമായ പരാതി പരിഹാരം എന്നത് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമ പ്രകാരം തൊഴിലാളികൾക്കു പ്രധാനം ചെയ്യുന്ന ഒരു അടിസ്ഥാന അവകാശമാണ് തൊഴിലാളികൾ തങ്ങളുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട ഏതു പരാതിയും ഏതു സമയത്തും പഞ്ചായത്തിനെയോ ബന്ധപ്പെട്ട അധികൃതരെയോ സമീപിച്ചാൽ പൂർണ്ണമായും പരിഹാര നടപടികൾ നൽകി കൊള്ളാമെന്നാണ് നിയമം അനുശാസിക്കുന്നത്. അതിനായി പഞ്ചായത്തിൽ തൊഴിലാളികൾക്കു വേ ിയുള്ള ഒരു പരാതി പരിഹാര രജിസ്റ്റർ സൂക്ഷിക്കുന്നു.കൂടാതെ ടോൾഫ്രീ നമ്പറായ 1800 425 5060 ഉപയോഗിക്കാം. ഇ മെയിൽ വഴിയും പരാതിപ്പെട്ടിയിൽ നേരിട്ടും പരാതി സമർപ്പിക്കാം. പരാതി രജിസ്റ്ററിൽ തിയതിയോടും കുടി രേഖപ്പെടുത്തുകയും 22-06-2018 വരെ പരാതി പരിഹാരം നടത്തുകയും ചെയ്തു.

**സോഷ്യൽ ഓഡിറ്റ്**

പദ്ധതിയുടെ കുര്യക്ഷമതയും സുതാര്യതയും ഉറപ്പുവരുത്തുന്നതിനും വിലയിരുത്തുന്നതിനും വേ ിയാണ് ഓരോ വാർഡുകളിലും കൃത്യമായ രീതിയിലുള്ള തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട സോഷ്യൽ ഓഡിറ്റിംഗ് നടത്തിവരുന്നത്.

സോഷ്യൽ ഓഡിറ്റിംഗ് നടക്കുന്ന സന്ദർഭങ്ങളിൽ തൊഴിലാളികളുടെ പ്രവർത്തനങ്ങളെപ്പറ്റി വിലയിരുത്തുകയും ചർച്ചചെയ്യുകയും അവരുടെ അവകാശങ്ങൾക്കു വേ ിശബ്ദമുയർത്തുവാനുള്ള വേദി ഒരുക്കി കൊടുക്കുകയും ചെയ്യുന്നു. കഴിഞ്ഞ ഒരുവർഷമായി സോഷ്യൽ ഓഡിറ്റ് ഈ പഞ്ചായത്തിൽ നടന്നതായി കാണുവാൻ സാധിച്ചിട്ടു ്.

**വർക്ക് സൈറ്റ്**

പരിശോധിച്ച 11 വർക്ക് ഫയലുകളുടെ ഫിൽഡ് വേരിഫിക്കേഷൻ ആണ് നടത്തിയത്

1 **വാർഡ് 7 – സി കെ പടി – ഗൗരിപാറ റോഡ് കോൺക്രീറ്റിങ്ങ് വർക്ക് കോഡ് –RC/262573** എസ്റ്റിമേറ്റ് തുക 200000

നിർദ്ദിഷ്ട സ്ഥലത്ത് റോഡ് കോൺക്രീറ്റ് ചെയ്തിട്ടു ായിരുന്നു എം ബുക്കിൽ കാണിച്ചിരിക്കുന്ന 44.40 മീറ്ററിൽ കൂടുതൽ 44.50 മീറ്റർ അളവ് കാണുവാൻ സാധിച്ചു

2 **വാർഡ് 7 സി കെ പടി** – ഇറക്കേറിയ ഭാഗത്ത് റോഡ് കോൺക്രീറ്റ് .വർക്ക് കോഡ് RC/262563 എസ്റ്റിമേറ്റ് തുക 200000

നിർദ്ദിഷ്ട സ്ഥലത്ത് റോഡ് കോൺക്രീറ്റ് ചെയ്തിട്ടു ായിരുന്നു എം ബുക്കിൽ കാണിച്ചിരിക്കുന്ന 46 മീറ്റർ അളവ് കാണുവാൻ സാധിച്ചു.

3. **തൊമാക്കവല ഭാഗത്ത് മൺകയ്യാല നിർമ്മാണം** വർക്ക് കോഡ് WC/330080 എസ്റ്റിമേറ്റ് തുക 149832

എസ്റ്റിമേറ്റിൽ 1417.3000 SQM.മൺകയ്യാല, എം ബുക്കിൽ 1270 മീറ്റർ മൺകയ്യാല, തൊഴിൽ സ്ഥലത്ത് 1305 കാണുവാൻ സാധിച്ചു.

4. പാർട്ട് 1 – **തൊമാക്കവല** ഭാഗത്ത് ഭൂമിയുടെ ഉത്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനാവശ്യമായ ഭൂവികസനം വർക്ക് കോഡ് LD /328990 എസ്റ്റിമേറ്റ് തുക 45343

മേൽപറഞ്ഞ പ്രവർത്തിയുടെ ഫിൽഡ് പരിശോധനയിൽ ഭൂവുടമകളുടെ പുരയിടത്തിൽ ഭൂവികസന പ്രവർത്തികൾ നടത്തിയതായി കാണുവാൻ കഴിഞ്ഞു. എസ്റ്റിമേറ്റിൽ 2879.000 SQM, എം ബുക്കിൽ 2879.000, ഭൂവുടമകളുടെ പുരയിടത്തിൽ ഭുവികസനപ്രവർത്തികൾചെയ്തതായി തോഴിലാഴികൾ,ഭൂവുടമകൾ എന്നിവരിൽ നിന്നും നേരിട്ട് ചോദിച്ചറിഞ്ഞു. 05/02/2019 –15/02/2019, 13/02/2019 – 20/02/2019 ,21/02/2019 28/02/2019 വരെയുള്ള കാലയളവിലാണ് ഈ പ്രവൃത്തി നടന്നിരുന്നത്. ഈ പ്രവർത്തിയുടെ എസ്റ്റിമേറ്റിലും എം ബുക്കിലും 550 വനവൽക്കരണ കുഴികൾ ഭുവുടമകളുടെ പുരയിടത്തിൽ ചെയ്തതായി കാണിച്ചിരിക്കുന്നു. എന്നാൽ 560 കുഴികൾ കാണാൻ സാധിച്ചു

5 **സി കെ പടി** ഭാഗത്ത്.മൺ കയ്യാല നിർമ്മാണംവർക്ക് കോഡ് WC/330077

എസ്റ്റിമേറ്റ് തുക 149832

നിർദ്ദിഷ്ട സ്ഥലത്ത്മൺ കയ്യാല നിർമ്മാണം ഭൂവുടമകളുടെപുരയിടത്തിൽചെയ്തിട്ടു ായിരുന്നു. എസ്റ്റിമേറ്റിലും 1417.3000, SQM എം ബുക്കും 1401.6 മീറ്റർ , കുടുതൽ 1405.5 m ഫിൽഡ് പരിശൊധനയിൽ മൺകയ്യാല കാണുവാൻ സാധിച്ചു.

6. **തൊമാക്കവല ഭാഗത്ത്** ഭുമിയുടെ ഉത്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനാവശ്യമായ ഭുവികസനം വർക്ക് കോഡ് LD /241704 എസ്റ്റിമേറ്റ് തുക 147000

മേൽപറഞ്ഞ പ്രവർത്തിയുടെ ഫിൽഡ് പരിശോധനയിൽ ഭൂവുടമകളുടെപുരയിടത്തിൽ ഭുവികസന പ്രവർത്തികൾ നടത്തിയതായി കാണുവാൻ കഴിഞ്ഞു പ്രവർത്തികൾ നടത്തിയ പുരയിടത്തിൽ പുതിയ കൃഷി ചെയ്തിരിക്കുന്നു.എം ബുക്ക്

അനുസരിച്ചുള്ള 2879.000 SQMപുരയിടത്തിൽ കാണുവാൻ കഴിഞ്ഞു .ഭുവികസനപ്രവർത്തികൾ ചെയ്തതായി തോഴിലാഴികൾ,ഭൂവുടമകൾ എന്നിവരിൽ നിന്നും നേരിട്ട് ചോദിച്ചറിഞ്ഞു. 08/02/2019 – 15/02/2019 ,16/02/2019 –23/02/2019, വരെയുള്ള കാലയളവിലാണ് ഈ പ്രവൃത്തി നടന്നിരുന്നത്.കുഴികൾ എം ബുക്ക് അനുസരിച്ച് 1081 വനവൽക്കരണ കുഴികൾ എണ്ണം ഭൂവുടമകളുടെ പുരയിടത്തിൽ ചെയ്തതായി കാണുവാൻ സാധിച്ചു. എന്നാൽ 1085 വനവൽക്കരണ കുഴികൾ ഫിൽഡ് വെരിഫിക്കേഷനിൽ കാണുവാൻ സാധിച്ചത്.

8. ലൈഫ് ഭവന പദ്ധതി വിശ്വപ്രഭ മൻമദൻ, വർക്ക് കോഡ് IF /356106 വീടിന്റെ മേൽക്കുര കോൺക്രിറ്റ് ചെയ്ത നിലയിൽ കാണുവാൻ സാധിച്ചു. 90 തൊഴിൽ ദിനങ്ങൾ പുർത്തികരിച്ചിട്ടു ്. 3000 തുക ബാലൻസ് നിൽക്കുന്നതായി എം ബുക്കിൽ കാണാൻ സാധിച്ചു

9 ശ്രീജ ബിജു കൊച്ചാടാട്ടേൽ -IF /356095 ,വീടിന്റെമേൽക്കുര കോൺക്രിറ്റ് ചെയ്ത നിലയിൽ കാണുവാൻ സാധിച്ചു. 90 തൊഴിൽ ദിനങ്ങൾ പുർത്തികരിച്ചിട്ടു ്. 3000 തുക ബാലൻസ് നിൽക്കുന്നതായി എം ബുക്കിൽ കാണാൻ സാധിച്ചു

10 അനിഷ് പി ടി വള്ളിക്കുന്നേൽ -IF/358729,വീടിന്റെമേൽക്കുര കോൺക്രിറ്റ് ചെയ്ത നിലയിൽ കാണുവാൻ സാധിച്ചു. 90 തൊഴിൽ ദിനങ്ങൾ പുർത്തികരിച്ചിട്ടു ് . 3000 തുക ബാലൻസ് നിൽക്കുന്നതായി എം ബുക്കിൽ കാണാൻ സാധിച്ചു.

11 മേഴ്സി ജോസ് കപ്പലുമാക്കൽ IF /358724,വീടിന്റെമേൽക്കുര കോൺക്രിറ്റ് ചെയ്ത നിലയിൽ കാണുവാൻ സാധിച്ചു. 90 തൊഴിൽ ദിനങ്ങൾ പുർത്തികരിച്ചിട്ടു ്. 3000 തുക ബാലൻസ് നിൽക്കുന്നതായി എം ബുക്കിൽ കാണാൻ സാധിച്ചു.

12. കരുണാകരൻ കുളത്തിനാൽ IF /360115,വീടിന്റെമേൽക്കുര കോൺക്രിറ്റ് ചെയ്ത നിലയിൽ കാണുവാൻ സാധിച്ചു. 90 തൊഴിൽ ദിനങ്ങൾ പുർത്തികരിച്ചിട്ടു ്. 3000 തുക ബാലൻസ് നിൽക്കുന്നതായി എം ബുക്കിൽ കാണാൻ സാധിച്ചു.

സിറ്റിസൺ ഇൻഫർമേഷൻ ബോർഡ്

പ്രവർത്തിയേകുറിച്ചുള്ള അടിസ്ഥാന വിവരങ്ങൾ പൊതു ജനങ്ങൾക്ക് മനസിലാക്കുന്നതിനുവേ ി അവ വ്യക്തമായി രേഖപ്പെടുത്തി പ്രവർത്തി ആരംഭിക്കുമ്പോൾ

തന്നെ പ്രവർത്തി സ്ഥലത്ത് സ്ഥാപിക്കേ താണ് പരിശോധിച്ച 12 ഫയലുകളുടെ സി റ്റിസൺ ഇൻഫർമേഷൻ ബോർഡ് സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| Sl.No | Work Code | Name of Work | CIB amt in Estimate | M Book Sanctioned Amt. | CIB yes/no in worksite |
|---|---|---|---|---|---|
| 1. | IF/356106 | VII Construction of House | 3000 | 3000 (Amount due) | ഇല്ല |
| 2. | WC/330077 | Construction of earthern graded bund | 3000 | 3000 (Amount due) | ഉ |
| 3. | LD/328990 | Land development | 3000 | 3000 (Amount due) | ഉ |
| 4. | LD/241704 | Land development | 3000 | 3000 (Amount due) | ഉ |
| 5. | IF/360115 | VII Construction of House | 3000 | 3000 (Amount due) | ഉ |
| 6. | RC/262573 | Construction of Road | 5000 | 5000 (Amount Due) | ഉ |
| 7. | RC/262563 | Construction of Road | 3000 | 5000 | ഉ |
| 8. | WC/330080 | Construction of earthern graded bund | 3000 | 3000 (Amount due) | ഇല്ല |
| 9. | IF/356095 | VII Construction of House | 3000 | 3000 (Amount due) | ഇല്ല |
| 10. | IF/358729 | VII Construction of House | 3000 | 3000 (Amount due) | ഇല്ല |
| 11 | IF/358724 | VII Construction of House | 3000 | 3000 (Amount Due) | ഇല്ല |

## അനുബന്ധം

**നിർദ്ദേശങ്ങൾഉദ്യോഗസ്ഥരോട്**

- പ്രവൃത്തി ഫയലിൽ സൂക്ഷിക്കേ 22രേഖകൾ കൃത്യമായി സൂക്ഷിക്കണം .കേന്ദ്ര സർക്കാരിന്റെ ഇക്കാര്യത്തിലുള്ളമാർഗ നിർദ്ദേശം കൃത്യമായി പാലിക്കേ താണ്.

• എസ്റ്റിമേറ്റ് ജനകീയ ഭാഷയിൽ തൊഴിലാളികൾക്ക് മനസിലാവുന്ന രീതിയിലാവണം.

• ലേബർ ബഡ്ജറ്റ് വാർഷിക കർമ്മപദ്ധതി, ഷെൽഫ് ഓഫ് പ്രൊജക്ട് വർക്ക് കലർ എന്നിവ തയ്യാറാക്കുന്നതിൽ തൊഴിലാളികളുടെയും ഗുണഭോക്തക്കളുടെയും പ്രാദേശിക വിദ്ഗദ്ധരുടെയും പങ്കാളിത്തം ഉറപ്പാക്കണം.

•തോഴിൽ കാർഡിൽ ഫോട്ടോ പതിപ്പിക്കുന്നതിനുള്ള ചിലവ് തൊഴിലാളികളിൽ നിന്ന് ഈടാക്കാൻപാടുള്ളതല്ല.

*ഗ്രാമപഞ്ചായത്തിനോട്*

• കൂടുതൽ പദ്ധതികളും മഴക്കുഴികളും മൺകയ്യാലയും ആണ് ചെയ്തിരിക്കുന്നത്. സ്ഥിര ആസ്ഥിയുള്ള പ്രവർത്തനങ്ങൾ തിരഞ്ഞെടുക്കണം. കൃഷി സംബന്ധമായ പദ്ധതികൾ തിരഞ്ഞെടുക്കുമ്പോൾ പഞ്ചായത്തിനു കൈമാറിക്കിട്ടിയ ഘടകസ്ഥാപനമായ കൃഷിഭവനിലെ ഉദ്യോഗസ്ഥരുടെ സേവനം കൂടി പ്രയോജനപ്പെടുത്തേതാണ്. ഇത് പദ്ധതിയുടെ ഗുണമേന്മയും സാമ്പത്തിക ക്ഷമതയും ഉറപ്പാക്കുന്നതിനു അത്യന്താപേക്ഷിതമാണ്.

•. ദേശീയ ഉപജീവന മിഷന്റെ (NRLM)സഹായത്തോടെ മെച്ചപ്പെട്ട രിതിയിലുള്ള തൊഴിൽ പരിശീനം നൽകി കുറച്ചു തൊഴിലാളികളെ അർദ്ധ വിഗദ്ധ തൊഴിലാളികളാക്കി മാӑുക.തോഴിൽ കാർഡിൽ ഫോട്ടോ പതിപ്പിക്കുന്നതിനുള്ള ചില വ് തൊഴിലാളികളിൽ നിന്ന് ഈടാക്കാൻപാടുള്ളതല്ല.

# അനുബന്ധം

## .റോസ്ഗാർ ദിനം

തൊഴിൽ ആവശ്യകത കൃത്യമായി രജിസ്റ്റർ ചെയ്യുന്നതിനും തൊഴിലാളികളുടെ അർഹതകളും അവകാശങ്ങളും അവരെ ബോധ്യപ്പെടുത്തുന്നതിനും പരാതികൾ പരിഹരിക്കുന്നതിനുമായി റോസ്ഗാർ ദിനം സംഘടിപ്പിക്കേ താണ്. റോസ്ഗാർ ദിനം ആചരിക്കുന്നതിനു മുൻപായി വിവര-വിദ്യാഭ്യാസ-വ്യാപന (ഐ.ഇ.സി) പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു ന്ന് ജില്ലാ പ്രോഗ്രാം കോർഡിനേӑർ ഉറപ്പ് വരുത്തേ താണ്. റോസ്ഗാർ ദിനകല ർ സംബന്ധിച്ച് ഗ്രാമപഞ്ചായത്തുകളെ പ്രത്യേകമായി ബോധവത്കരിക്കേ താണ്.

**റോസ്ഗാർ ദിനം സംഘടിപ്പിക്കുന്നതിന്റെ ചുമതലകളും ഉത്തരവാദിത്വങ്ങളും**

1)സംസ്ഥാന സർക്കാരോ ജില്ലാപ്രോഗ്രാം കോർഡിനേӑറോ രൂപികരിച്ചിട്ടുള്ള പ്രതിമാസപ്പട്ടിക അനുസരിച്ച് തന്നെ റോസ്ഗാർദിനം സംഘടിപ്പിക്കുന്നു ന്ന് ജില്ലാ പ്രോഗ്രാം കോർഡിനേറ്റർ ഉറപ്പ് വരുത്തേ താണ്. ഈ പട്ടിക ഗ്രാമവികസന

മന്ത്രാലയവുമായും പൊതുജനങ്ങളുമായും പങ്ക് വയ്ക്കേ താണ്. റോസ്ഗാർ ദിനം ഒരു മാസത്തിലൊരിക്കൽ, ഗ്രാമപഞ്ചായത്ത് തലത്തിലോ വാർഡ്തലത്തിലോ സംഘടിപ്പിക്കേ താണ്.

2) ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്/ നിയോഗിക്കപ്പെട്ട ഗ്രാമപഞ്ചായത്ത്തല ഭാരവാഹി റോസ്ഗാർ ദിനാചരണത്തിൽ അദ്ധ്യക്ഷത വഹിക്കേ താണ്. ഇത് നടത്തുന്നതിനും നടപടിക്രമങ്ങൾ രേഖപ്പെടുത്തുന്നതിനുമുള്ള ചുമതല ഗ്രാമറോസ്ഗാർ സഹായക്, മേറ്റ്, സ്വയം സഹായസംഘങ്ങളുടെ ഫെഡറേഷൻ അംഗങ്ങൾ എന്നിവർക്കാണ്.

3) ജില്ലാ പ്രോഗ്രാം കോർഡിനേറ്റർ റോസ്ഗാർ ദിനം ആചരിക്കുന്നതിനായി നിശ്ചയിക്കപ്പെട്ടിട്ടുള്ള ദിവസം മോണിറ്ററിംഗ് സന്ദർശനം നടത്തുന്നതിനായി ഉദ്യോഗസ്ഥരെ നിയോഗിക്കേ താണ്. ഈ യോഗത്തിന്റെ മിനിട്ട്സ് പൊതുജനങ്ങൾക്ക് പരിശോധിക്കുന്നതിനും സോഷ്യൽ ഓഡിറ്റിനും ലഭ്യമാക്കേ തും പ്രസക്തമായ മാനദണ്ഡങ്ങൾ സംബന്ധിച്ച വിവരങ്ങൾ സൃഷ്ടിക്കപ്പെടുന്ന തൊഴിൽ ദിനങ്ങളുമായി പൊരുത്തപ്പെടുന്നതിനുമായി എൻ.ആർ.ഇ.ജി.എ സോഫ്റ്റിൽ ഉൾചേർക്കുകയും ചെയ്യേ താണ്.

4)സംസ്ഥാന സർക്കാർ റോസ്ഗാർ ദിനം സംഘടിപ്പിക്കുന്നത് സംബന്ധിച്ച റിപ്പോർട്ടുകൾ ശേഖരിക്കുന്നതാണ്. സംസ്ഥാന സർക്കാർ, തൊഴിൽ ആവശ്യകത സംബന്ധിച്ച ജില്ലാതല റിപ്പോർട്ടുകൾ പതിവായി അവലോകനം ചെയ്യേ താണ്.

## 100 തൊഴിൽ ദിനങ്ങൾ

ഇരട്ടയാർ ഗ്രാമപഞ്ചായത്തിൽ 623 വർക്കേഴ്സ് 100–100ൽ കുടുതൽ തോഴിൽ ദിനങ്ങൾ പുർത്തിയാക്കിയിട്ടു ് കാറ്റാടികവല വാർഡിൽ 102 ആക്ടീവ് വർക്കേഴ്സ് ഉള്ളതിൽ 32 കുടുബങ്ങൾക്കാണ് ഈ സാമ്പത്തിക വർഷം 100 തൊഴിൽ ദിനങ്ങൾ പൂർത്തിയാക്കുവാൻ സാധിച്ചിട്ടുള്ളത് അവരുടെ പേര് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. KL-09-004-003-007/1 അജയ് ജോൺ 134
2. KL-09-004-003-007/ 10ജോസഫ് വർക്കി 143
3. KL-09-004-003-007/101 ലീലാമ്മ തോമസ് 100
4. KL-09-004-003-007/102 ഷാന്റി എബ്രഹാം 104
5. KL-09-004-003-007/108ജിജി ജോസഫ് 100
6. KL-09-004-003-007/109 ബിൻസി 100
7. KL-09-004-003-007/11തോമസ് ജോസഫ് 143
8. KL-09-004-003-007/13 ബിനോയി ജോസഫ് 115

9. KL-09-004-003-007/138 വർക്കി കെ എ 145
10. KL-09-004-003-007/142 സോണിയ റ്റോമി 101
11. KL-09-004-003-007/143 കുഞ്ഞമ്മണി ബാബു 109
12. KL-09-004-003-007/145 വർക്കി തോമസ് 148
13. KL-09-004-003-007/15ആന്റണി ജോസഫ് 148
14. KL-09-004-003-007/150 സോണിമോൻ കെ എ 127
15. KL-09-004-003-007/17 ജോർജ് തോമസ് 148
16. KL-09-004-003-007/18 കമലമ്മ രവിന്ദ്രൻ 107
17. KL-09-004-003-007/2 ത്രേസ്യാമ്മ സാബു 106
18. KL-09-004-003-007/20 ബീന ജോയി 107
19. KL-09-004-003-007/27 ഏലിക്കുട്ടി 129
20. KL-09-004-003-007/28 അന്നമ്മ തോമസ് 145
21. KL-09-004-003-007/30സെലിൻ ജോസഫ് 101
22. KL-09-004-003-007/31 മാത്യു ജോസഫ് 147
23. KL-09-004-003-007/ 33 ശോഭന ലാലു 135
24. KL-09-004-003-007/36 ജോജി അബ്രാഹാം 100
25. KL-09-004-003-007/4 ത്രേസ്യാമ്മ ഫ്രാൻസിസ് 109
26. KL-09-004-003-007/46 ദേവസ്യ ജോസഫ് 104
27. KL-09-004-003-007/5 ലില്ലിക്കുട്ടി തോമസ് 100
28. KL-09-004-003-007/62തോമസ് ജോസഫ് 142
29. KL-09-004-003-007/8 ജോർജ് വർഗിസ് 112
30. KL-09-004-003-007/83 ബിനേഷ് ഫിലിപ്പ് 144
31. KL-09-004-003-007/ 84 സുസി 106
32. KL-09-004-003-007/99 മിനി ജോസഫ് 106

സഹായിച്ചവർ– പ്രസിഡ ്, സെക്രട്ടറി, 7 –ാം വാർഡ് മെമ്പർ, പഞ്ചായത്ത് ഭരണ സമിതി അംഗങ്ങളും എം ജി എൻ ആർ ഇ ജി എസ് ജീവനക്കാരും, മേറ്റ്, സി ഡി എസ് , എ ഡി എസ് മെമ്പർമാർ, വർക്കർമാർ , ഗവ. കോളേജ് കട്ടപ്പന എൻ എസ് എ സ് വിദ്യാർത്ഥികളായ വിഷ്ണു ,അജോ മാത്യു എന്നിവരാണ്.

ഇരട്ടയാർ ഗ്രാമപഞ്ചായത്തിൽ 2 ഓവർസിയർമാരും 2 ഡേറ്റാ എൻട്രി ഓപ്പറേറ്റർമാരും 1 ബി എഫ്റ്റി എന്നിവർ ജോലി ചെയ്യുന്നു. 45097652 വേതന ഇനത്തിലും ,166412 തൊഴിൽ ദിനങ്ങളും 24900000 മെറ്റിരിയൽ വർക്ക് ഇനത്തിലും ചിലവഴിച്ചിട്ടു ് ഇവരുടെ സേവനം അഭിനന്ദനാർഹമാണ് .ഈ സോഷ്യൽ ഓഡിറ്റ് പ്രക്രിയയിൽ എനിക്ക് ആവശ്യമായ സേവനങ്ങൾ നൽകിയ ബഹുമാനപ്പെട്ട പ്രസിഡന്റ്, വൈസ് പ്രസിഡന്റ് ,സെക്രട്ടറി, 7-ാം വാർഡ് മെമ്പർ, പഞ്ചായത്ത് ഭരണ സമിതി അംഗങ്ങളും ,എം ജി എൻ ,ആർ ഇ ജി എസ് ജീവനക്കാരും, മേറ്റ്, സി.ഡി.എസ് ,എ.ഡി.എസ് മെമ്പർമാർ, വർക്കർമാർ ഫിൽഡ് തല പ്രവർത്തനങ്ങൾക്ക് എന്നോടോപ്പം ഉ ായിരുന്ന **മേറ്റ്മാർ** വർക്കറായ എന്നിവർക്ക് എന്റെ നന്ദി അറിയിച്ചുകൊള്ളുന്നു.

## ഇരട്ടയാർ പഞ്ചായത്ത് നേഴ്സറി നിർമ്മാണം




## തൊഴിലുറപ്പ്പദ്ധതിയില് ഏറ്റെടുത്ത് നടത്താവുന്ന പ്രവൃത്തികൾ.

**<u>വിഭാഗംഎ</u>** : പ്രകൃതി വിഭവ പരിപാലനവുമായി ബന്ധപ്പെട്ട പൊതുപ്രവൃത്തികൾ

i. കുടിവെള്ള സ്രോതസ്സുകൾ ഉൾപ്പെടെയുള്ള ഭൂഗർഭജല വിതാനം ഉയർത്തുന്നതിന് ആവശ്യമായ അടിയണകൾ (under ground dykes), മൺതടയണകൾ, അണകൾ (സ്റ്റോപ്പ്ഡാം), ചെക്ക്ഡാമുകൾ തുടങ്ങിയ ജലസംരക്ഷണത്തിനും ജലകൊയ്ത്തിനും സഹായകരമായ നിർമ്മിതികൾ;

ii. ഒരു നീർത്തടത്തിന്റെ സമഗ്ര പരിപാലനത്തിന് ഉതകുന്ന ഇടപെടലുകളായ കോൺടൂർട്രഞ്ചുകൾ, തട്ട്തിരിക്കൽ (terracing), കൊ ൂർ ബ ുകൾ, കൽത്തടയണകൾ, ഗ്യാബിയോൺ നിർമ്മിതികൾ, നീരുറവ പ്രദേശത്തിന്റെ പരിപോഷണം തുടങ്ങിയ നീർത്തട പരിപാലന പ്രവൃത്തികൾ ;

സൂക്ഷ്മ-ചെറുകിട ജലസേചന പ്രവൃത്തികളും തോടുകൾ/കനാൽ എന്നിവയുടെ നിർമ്മാണം, പുനരുദ്ധാരണം, മെയിന്റനൻസ് എന്നി പ്രവൃത്തികളും ;

ജലസേചന കുളങ്ങളുടേയും മറ്റ് ജലസ്രോതസ്സുകളുടേയും ആഴം കൂട്ടൽ ഉൾപ്പെടെയുള്ള പരമ്പരാഗത ജലസ്രോതസ്സുകളുടെ പുനരുദ്ധാരണവും;

കടലോരങ്ങളിലും കുളങ്ങളുടെ അരികിലും കനാൽ ബുകളിലും റോഡുകളുടെ ഓരത്തിലും, വനഭൂമിയിലും, മറ്റ് പൊതുഭൂമിയിലും ഫലവൃക്ഷങ്ങൾ അടക്കമുള്ള മരം വച്ച് പിടിപ്പിക്കലും വനവത്കരണവും, ഇവയിൽ നിന്നും ലഭിക്കുന്ന ആദായത്തിന്റെ അവകാശം ഖണ്ഡിക 5 ൽ പ്രതിപാദിക്കുന്ന കുടുംബങ്ങൾക്ക് നൽകേതാണ്;

iii. പൊതു ഭൂമിയിലെ ഭൂവികസന പ്രവൃത്തികളും.

കക.<u>വിഭാഗം ബി:</u> <u>സമൂഹത്തിൽ അവശത അനുഭവിക്കുന്ന വിഭാഗങ്ങൾക്കുള്ള</u> വ്യക്തിഗത ആസ്തികൾ (ഖണ്ഡിക 5 ൽ പരാമർശിക്കുന്ന കുടുംബങ്ങൾക്ക് മാത്രം)

i) ഖണ്ഡിക 5 ൽ പരാമർശിക്കുന്ന കുടുംബങ്ങൾക്ക് ഭൂമിയുടെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനായി ഭൂവികസനവും, കിണറുകൾ (Dugg well), കുളങ്ങൾ (*farm ponds*), മറ്റ് ജലകൊയ്ത്ത് നിർമ്മിതികൾ എന്നിവ ഉൾപ്പെടെയുള്ള ജലസേചനത്തിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കൽ;

ii) പഴകൃഷി, പട്ട്നൂൽകൃഷി, തോട്ടവിളകൃഷി, ഫാംഫോറസ്ട്രി എന്നിവയിലൂടെ ആജീവനം മെച്ചപ്പെടുത്തൽ;

iii) ഖണ്ഡിക 5 ൽ സൂചിപ്പിക്കുന്ന കുടുംബങ്ങളുടെ തരിശ് ഭൂമി/ പാഴ്ഭൂമി (*fallow or waste land*) വികസിപ്പിച്ച് കൃഷിക്ക് അനുയോജ്യമാക്കൽ;

iv) ഇന്ദിരാ ആവാസ് യോജന പ്രകാരമോ, കേന്ദ്ര/സംസ്ഥാന സർക്കാരുകൾ ആവിഷ്ക്കരിക്കുന്ന മറ്റ് ഭവന നിർമ്മാണ പദ്ധതികൾ പ്രകാരമോ ഏറ്റെടുക്കുന്ന ഭവന നിർമ്മാണത്തിലെ അവിദഗ്ദ്ധ കായിക തൊഴിൽ ഘടകം;

v) മൃഗപരിപാലനം പ്രോത്സാഹിപ്പിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങളായ കോഴിക്കൂട്, ആട്ടിൻ കൂട്, പട്ടി കൂട്, തൊഴുത്ത്, പുൽതൊട്ടി എന്നിവയുടെ നിർമ്മാണവും;

vi) മത്സ്യബന്ധന പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് ഉതകുന്ന അടിസ്ഥാന സൗകര്യങ്ങളായ മത്സ്യം ഉണക്കുന്ന കേന്ദ്രങ്ങൾ, മത്സ്യം സൂക്ഷിക്കുന്ന കേന്ദ്രങ്ങൾ എന്നിവ നിർമ്മിക്കലും വർഷകാലത്ത് മാത്രം വെള്ളം ഉതകുന്ന പൊതുകുളങ്ങളിൽ (Seasonal water bodies on public land) മത്സ്യം വളർത്തുന്നതിന് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കലും;

കകക. <u>വിഭാഗം സി</u> : ദേശീയ ഗ്രാമീണ ഉപജീവന മിഷന്റെ നിബന്ധനകൾ അനുസരിക്കുന്ന സ്വയംസഹായ സംഘങ്ങൾക്ക് പൊതു അടിസ്ഥാന സൗകര്യങ്ങൾ

i. കാർഷികോത്പന്നങ്ങളുടെ ഈടുറ്റ സംഭരണ സൗകര്യം ഉൾപ്പെടെയുള്ള വിളവെടുപ്പിന് ശേഷം ആവശ്യമായി വരുന്ന സൗകര്യങ്ങൾ (Post harvest facilities), ജൈവവളം എന്നിവയ്ക്ക് ആവശ്യമായ സ്ഥായിയായ അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുക വഴി കാർഷികോത്പാദനക്ഷമതവർദ്ധിപ്പിക്കുന്നതിനുള്ള പ്രവൃത്തികളും;

ii. സ്വയം സഹായ സംഘങ്ങളുടെ ഉപജീവന പ്രവർത്തനങ്ങൾക്ക് ആവശ്യമായ പൊതുവർക്ക് ഷെഡ്ഡുകളുടെ നിർമ്മാണവും.

കഢ. <u>വിഭാഗം ഡി</u> : ഗ്രാമീണ അടിസ്ഥാന സൗകര്യങ്ങൾ

i. നിർദ്ദേശിക്കപ്പെട്ട മാനദണ്ഡങ്ങൾക്ക് അനുസൃതമായി ഖര-ദ്രവ മാലിന്യ സംസ്കരണത്തിനും തുറസ്സായ മലമൂത്ര വിസർജ്ജനം ഇല്ലാതാക്കുന്നതിനും വേി സ്വതന്ത്രമായോ സർക്കാർ വകുപ്പുകളുടെ ഇതര പദ്ധതികളുമായി സംയോജിപ്പിച്ച് കൊോ വ്യക്തിഗത കക്കൂസുകൾ, സ്കൂൾ ടോയ്ലറ്റുകൾ, അങ്കണവാടി ടോയ്ലറ്റുകൾ തുടങ്ങിയ ഗ്രാമീണ ശുചിത്വവുമായി ബന്ധപ്പെട്ട പ്രവൃത്തികൾ;

ii. ഒറ്റപ്പെട്ട് കിടക്കുന്ന ഗ്രാമങ്ങളെയും, നിർദ്ദിഷ്ട ഗ്രാമീണ ഉല്പാദന കേന്ദ്രങ്ങളെയും നിലവിലുള്ള റോഡ് ശൃംഖലയുമായി ബന്ധിപ്പിക്കുന്നതിനുള്ള, എല്ലാ കാലാവസ്ഥയിലും ഉപയോഗിക്കാൻ പറ്റുന്ന ഗ്രാമീണ റോഡുകളുടെ

നിർമ്മാണവും, ഓടകൾ, കലുങ്കുകൾ എന്നിവ ഉൾപ്പെടെയുള്ള ഗ്രാമത്തിലെ ഈടുറ്റ ഉൾറോഡുകളുടെയും വീഥികളുടെയും നിർമ്മാണവും;

iii. കളിസ്ഥലങ്ങളുടെ നിർമ്മാണവും;

iv. വെള്ളപ്പൊക്ക നിയന്ത്രണ സംരക്ഷണ പ്രവൃത്തികൾ, വെള്ളക്കെട്ട് ഒഴിവാക്കുന്നതിനുള്ള ജലനിർഗ്ഗമന പ്രവൃത്തികൾ, മഴവെള്ളം കെട്ടി നിൽക്കുന്ന താഴ്ന്ന പൊതുസ്ഥലങ്ങളുടെ മെച്ചപ്പെടുത്തൽ (chaur renovation), തീരപ്രദേശങ്ങളുടെ സംരക്ഷണത്തിനുള്ള സ്റ്റോം വാട്ടർ ഡ്രെയിനുകൾ, എന്നിവ ഉൾപ്പെടെയുള്ള പൊതു അടിസ്ഥാന സൗകര്യങ്ങൾ, റോഡുകളുടെ പുന:രുദ്ധാരണം, ദുരന്തപ്രതിരോധ തയ്യാറെടുപ്പുകൾ മെച്ചപ്പെടുത്തുന്നതിനുള്ള പ്രവൃത്തികളും;

v. ഗ്രാമപഞ്ചായത്തുകൾ, വനിതാ സ്വയം സഹായ സംഘങ്ങളുടെ ഫെഡറേഷനുകൾ, കൊടുങ്കാറ്റ് ബാധിതർക്കുള്ള അഭയകേന്ദ്രങ്ങൾ (സൈക്ലോൺ ഷെൽറ്റർ), അങ്കണവാടികേന്ദ്രങ്ങൾ, ഗ്രാമീണ ചന്തകൾ എന്നിവയ്ക്കാവശ്യമുള്ള കെട്ടിടങ്ങളുടെ നിർമ്മാണവും, ഗ്രാമ/ബ്ലോക്ക്തല ക്രിമിറ്റോറിയങ്ങളുടെ നിർമ്മാണവും;

vi. ദേശീയ ഭക്ഷ്യസുരക്ഷാനിയമം 2013 (20/2013) ലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിന് ആവശ്യമായി വരുന്ന ഭക്ഷ്യധാന്യ സംഭരണികളുടെ നിർമ്മാണവും;

vii. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമ പ്രകാരം ഏറ്റെടുക്കുന്ന നിർമ്മാണ പ്രവൃത്തികളുടെ എസ്റ്റിമേറ്റിന്റെ ഭാഗമായി വരുന്ന നിർമ്മാണ സാമഗ്രികളുടെ ഉല്പാദനവും;

viii. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമ പ്രകാരം സൃഷ്ടിക്കപ്പെട്ട ഗ്രാമീണ പൊതു ആസ്തികളുടെ അറ്റകുറ്റപണികളും;

iii. ഇത് സംബന്ധിച്ച് സംസ്ഥാന സർക്കാരുമായി കൂടിയാലോചന നടത്തി കേന്ദ്രസർക്കാർ വിജ്ഞാപനം ചെയ്യുന്ന മറ്റ് ഏതൊരു പ്രവൃത്തിയും.

**തൊഴിലുറപ്പ്പദ്ധതിയില് ഏറ്റെടുത്ത് നടത്താവുന്ന പ്രവൃത്തികൾ.**

__വിഭാഗംഎ__ : പ്രകൃതി വിഭവ പരിപാലനവുമായി ബന്ധപ്പെട്ട പൊതുപ്രവൃത്തികൾ

iv. കുടിവെള്ള സ്രോതസ്സുകൾ ഉൾപ്പെടെയുള്ള ഭൂഗർഭജല വിതാനം ഉയർത്തുന്നതിന് ആവശ്യമായ അടിയണകൾ (under ground dykes),

മൺതടയണകൾ, അണകൾ (സ്റ്റോപ്പ്ഡാം), ചെക്ക്ഡാമുകൾ തുടങ്ങിയ ജലസംരക്ഷണത്തിനും ജലകൊയ്ത്തിനും സഹായകരമായ നിർമ്മിതികൾ;

ഒരു നീർത്തടത്തിന്റെ സമഗ്ര പരിപാലനത്തിന് ഉതകുന്ന ഇടപെടലുകളായ കോ

ൂർട്രഞ്ചുകൾ, തട്ട്തിരിക്കൽ (terracing), കോ ൂർബ ുകൾ, കൽത്തടയണകൾ, ഗ്യാബിയോൺ നിർമ്മിതികൾ, നീരുറവ പ്രദേശത്തിന്റെ പരിപോഷണം തുടങ്ങിയ നീർത്തട പരിപാലന പ്രവൃത്തികൾ ;

v. സൂക്ഷ്മ–ചെറുകിട ജലസേചന പ്രവൃത്തികളും തോടുകൾ/കനാൽ എന്നിവയുടെ നിർമ്മാണം, പുനരുദ്ധാരണം, മെയിന്റനൻസ് എന്നി പ്രവൃത്തികളും ;

vi. ജലസേചന കുളങ്ങളുടേയും മറ്റ് ജലസ്രോതസ്സുകളുടേയും ആഴം കൂട്ടൽ ഉൾപ്പെടെയുള്ള പരമ്പരാഗത ജലസ്രോതസ്സുകളുടെ പുനരുദ്ധാരണവും;

vii. കടലോരങ്ങളിലും കുളങ്ങളുടെ അരികിലും കനാൽ ബുകളിലും റോഡുകളുടെ ഓരത്തിലും, വനഭൂമിയിലും, മറ്റ് പൊതുഭൂമിയിലും ഫലവൃക്ഷങ്ങൾ അടക്കമുള്ള മരം വച്ച് പിടിപ്പിക്കലും വനവത്കരണവും, ഇവയിൽ നിന്നും ലഭിക്കുന്ന ആദായത്തിന്റെ അവകാശം ഖണ്ഡിക 5 ൽ പ്രതിപാദിക്കുന്ന കുടുംബങ്ങൾക്ക് നൽകേതാണ്;

viii. പൊതു ഭൂമിയിലെ ഭൂവികസന പ്രവൃത്തികളും.

കക.<u>വിഭാഗം ബി: സമൂഹത്തിൽ അവശത അനുഭവിക്കുന്ന വിഭാഗങ്ങൾക്കുള്ള</u> വ്യക്തിഗത ആസ്തികൾ (ഖണ്ഡിക 5 ൽ പരാമർശിക്കുന്ന കുടുംബങ്ങൾക്ക് മാത്രം)

vii) ഖണ്ഡിക 5 ൽ പരാമർശിക്കുന്ന കുടുംബങ്ങൾക്ക് ഭൂമിയുടെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനായി ഭൂവികസനവും, കിണറുകൾ (Dugg well), കുളങ്ങൾ (*farm ponds*), മറ്റ് ജലകൊയ്ത്ത് നിർമ്മിതികൾ എന്നിവ ഉൾപ്പെടെയുള്ള ജലസേചനത്തിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കൽ;

viii) പഴകൃഷി, പട്ട്നൂൽകൃഷി, തോട്ടവിളകൃഷി, ഫാംഫോറസ്ട്രി എന്നിവയിലൂടെ ആജീവനം മെച്ചപ്പെടുത്തൽ;

ix) ഖണ്ഡിക 5 ൽ സൂചിപ്പിക്കുന്ന കുടുംബങ്ങളുടെ തരിശ് ഭൂമി/ പാഴ്ഭൂമി (*fallow or waste land*) വികസിപ്പിച്ച് കൃഷിക്ക് അനുയോജ്യമാക്കൽ;

x) ഇന്ദിരാ ആവാസ് യോജന പ്രകാരമോ, കേന്ദ്ര/സംസ്ഥാന സർക്കാരുകൾ ആവിഷ്ക്കരിക്കുന്ന മറ്റ് ഭവന നിർമ്മാണ പദ്ധതികൾ പ്രകാരമോ ഏറ്റെടുക്കുന്ന ഭവന നിർമ്മാണത്തിലെ അവിദഗ്ദ്ധ കായിക തൊഴിൽ ഘടകം;

xi) മൃഗപരിപാലനം പ്രോത്സാഹിപ്പിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങളായ കോഴിക്കൂട്, ആട്ടിൻ കൂട്, പട്ടി കൂട്, തൊഴുത്ത്, പുൽതൊട്ടി എന്നിവയുടെ നിർമ്മാണവും;

xii) മത്സ്യബന്ധന പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് ഉതകുന്ന അടിസ്ഥാന സൗകര്യങ്ങളായ മത്സ്യം ഉണക്കുന്ന കേന്ദ്രങ്ങൾ, മത്സ്യം സൂക്ഷിക്കുന്ന കേന്ദ്രങ്ങൾ എന്നിവ നിർമ്മിക്കലും വർഷകാലത്ത് മാത്രം വെള്ളം ഉതകുന്ന പൊതുകുളങ്ങളിൽ (Seasonal water bodies on public land) മത്സ്യം വളർത്തുന്നതിന് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കലും;

കകക. <u>വിഭാഗം സി</u> : ദേശീയ ഗ്രാമീണ ഉപജീവന മിഷന്റെ നിബന്ധനകൾ അനുസരിക്കുന്ന സ്വയംസഹായ സംഘങ്ങൾക്ക് പൊതു അടിസ്ഥാന സൗകര്യങ്ങൾ

i. കാർഷികോത്പന്നങ്ങളുടെ ഈടുറ്റ സംഭരണ സൗകര്യം ഉൾപ്പെടെയുള്ള വിളവെടുപ്പിന് ശേഷം ആവശ്യമായി വരുന്ന സൗകര്യങ്ങൾ (Post harvest facilities), ജൈവവളം എന്നിവയ്ക്ക് ആവശ്യമായ സ്ഥായിയായ അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുക വഴി കാർഷികോത്പാദനക്ഷമതവർദ്ധിപ്പിക്കുന്നതിനുള്ള പ്രവൃത്തികളും;

ii. സ്വയം സഹായ സംഘങ്ങളുടെ ഉപജീവന പ്രവർത്തനങ്ങൾക്ക് ആവശ്യമായ പൊതുവർക്ക് ഷെഡ്ഡുകളുടെ നിർമ്മാണവും.

കഢ. <u>വിഭാഗം ഡി</u> : ഗ്രാമീണ അടിസ്ഥാന സൗകര്യങ്ങൾ

i. നിർദ്ദേശിക്കപ്പെട്ട മാനദണ്ഡങ്ങൾക്ക് അനുസൃതമായി ഖര-ദ്രവ മാലിന്യ സംസ്കരണത്തിനും തുറസ്സായ മലമൂത്ര വിസർജ്ജനം ഇല്ലാതാക്കുന്നതിനും വേി സ്വതന്ത്രമായോ സർക്കാർ വകുപ്പുകളുടെ ഇതര പദ്ധതികളുമായി സംയോജിപ്പിച്ച് കൊാേ വ്യക്തിഗത കക്കൂസുകൾ, സ്കൂൾ ടോയ്ലറ്റുകൾ, അങ്കണവാടി ടോയ്ലറ്റുകൾ തുടങ്ങിയ ഗ്രാമീണ ശുചിത്വവുമായി ബന്ധപ്പെട്ട പ്രവൃത്തികൾ;

ii. ഒറ്റപ്പെട്ട് കിടക്കുന്ന ഗ്രാമങ്ങളെയും, നിർദ്ദിഷ്ട ഗ്രാമീണ ഉല്പാദന കേന്ദ്രങ്ങളെയും നിലവിലുള്ള റോഡ് ശൃംഖലയുമായി ബന്ധിപ്പിക്കുന്നതിനുള്ള, എല്ലാ കാലാവസ്ഥയിലും ഉപയോഗിക്കാൻ പറ്റുന്ന ഗ്രാമീണ റോഡുകളുടെ

നിർമ്മാണവും, ഓടകൾ, കലുങ്കുകൾ എന്നിവ ഉൾപ്പെടെയുള്ള ഗ്രാമത്തിലെ ഈടുറ്റ ഉൾറോഡുകളുടെയും വീഥികളുടെയും നിർമ്മാണവും;

iii. കളിസ്ഥലങ്ങളുടെ നിർമ്മാണവും;

iv. വെള്ളപ്പൊക്ക നിയന്ത്രണ സംരക്ഷണ പ്രവൃത്തികൾ, വെള്ളക്കെട്ട് ഒഴിവാക്കുന്നതിനുള്ള ജലനിർഗ്ഗമന പ്രവൃത്തികൾ, മഴവെള്ളം കെട്ടി നിൽക്കുന്ന താഴ്ന്ന പൊതുസ്ഥലങ്ങളുടെ മെച്ചപ്പെടുത്തൽ (chaur renovation), തീരപ്രദേശങ്ങളുടെ സംരക്ഷണത്തിനുള്ള സ്റ്റോം വാട്ടർ ഡ്രെയിനുകൾ, എന്നിവ ഉൾപ്പെടെയുള്ള പൊതു അടിസ്ഥാന സൗകര്യങ്ങൾ, റോഡുകളുടെ പുന:രുദ്ധാരണം, ദുരന്തപ്രതിരോധ തയ്യാറെടുപ്പുകൾ മെച്ചപ്പെടുത്തുന്നതിനുള്ള പ്രവൃത്തികളും;

v. ഗ്രാമപഞ്ചായത്തുകൾ, വനിതാ സ്വയം സഹായ സംഘങ്ങളുടെ ഫെഡറേഷനുകൾ, കൊടുങ്കാറ്റ് ബാധിതർക്കുള്ള അഭയകേന്ദ്രങ്ങൾ (സൈക്ലോൺ ഷെൽറ്റർ), അങ്കണവാടികേന്ദ്രങ്ങൾ, ഗ്രാമീണ ചന്തകൾ എന്നിവയ്ക്കാവശ്യമുള്ള കെട്ടിടങ്ങളുടെ നിർമ്മാണവും, ഗ്രാമ/ബ്ലോക്ക്തല ക്രിമിറ്റോറിയങ്ങളുടെ നിർമ്മാണവും;

vi. ദേശീയ ഭക്ഷ്യസുരക്ഷാനിയമം 2013 (20/2013) ലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിന് ആവശ്യമായി വരുന്ന ഭക്ഷ്യധാന്യ സംഭരണികളുടെ നിർമ്മാണവും;

vii. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമ പ്രകാരം ഏറ്റെടുക്കുന്ന നിർമ്മാണ പ്രവൃത്തികളുടെ എസ്റ്റിമേറ്റിന്റെ ഭാഗമായി വരുന്ന നിർമ്മാണ സാമഗ്രികളുടെ ഉല്പാദനവും;

viii. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമ പ്രകാരം സൃഷ്ടിക്കപ്പെട്ട ഗ്രാമീണ പൊതു ആസ്തികളുടെ അറ്റകുറ്റപണികളും;

iii. ഇത് സംബന്ധിച്ച് സംസ്ഥാന സർക്കാരുമായി കൂടിയാലോചന നടത്തി കേന്ദ്രസർക്കാർ വിജ്ഞാപനം ചെയ്യുന്ന മറ്റ് ഏതൊരു പ്രവൃത്തിയും.

## ഗ്രാമസഭയിലൂടെ ഉരുത്തിരിഞ്ഞ് വന്ന നിർദ്ദേശങ്ങളും തീരുമാനങ്ങളും

കട്ടപ്പന ബ്ലോക്കിലെ ഇരട്ടയാർ പഞ്ചായത്തിലെ ഏഴാം വാർഡ്–ഇരട്ടയാർ , മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ 7/9/2019 10.30 am നു ഇരട്ടയാർ സാംസ്കാരികനിലയത്തിൽ വെച്ച് ശ്രീമതി

കമലമ്മ രവീന്ദ്രന്റെ അധ്യക്ഷതയിൽ കൂടി. ബഹുമാനപ്പെട്ട പഞ്ചായത്ത് പ്രസിഡന്റ്,വൈസ് പ്രസിഡന്റ് ,വാർഡ് മെമ്പർ, NREGEA ഉദ്യോഗസ്ഥർ, തൊഴിലുറപ്പ് തൊഴിലാളികൾ തുടങ്ങിയ 52 ആളുകൾ ഗ്രാമസഭയിൽ പങ്കെടുത്തു. കട്ടപ്പന BRP ആഷ പി ജി അവതരിപ്പിച്ച കരട് റിപ്പോർട്ട് സഭ ഒന്നടങ്കം കൈയടിച്ചു പാസാക്കി.

1.കാർഷിക മേഖലയിലെ പ്രവർത്തികൾ കൂടുതലായി തൊഴിലുറപ്പിൽ ഉൾപ്പെടുത്തണം

2 തൊഴിൽ ചെയ്താൽ 15 ദിവസത്തിനുള്ളിൽ കൂലി ലഭിക്കണം

3 തൊഴിൽ ദിനം കൂട്ടണം

4 കാലാനുശ്രുതമായി തൊഴിൽ ലഭിക്കണം

5 ക്ഷീര കർഷകരെ തൊഴിലുറപ്പിൽ ഉൾപ്പെടുത്തണം

6 വേതനം കൂട്ടണം

അദ്ധ്യക്ഷൻ : കമലമ്മ രവീന്ദ്രൻ

BRP കട്ടപ്പന : ആഷ പി ജി